(സി) പ്രസ്തുത സാങ്കേതിക സമിതി കണ്ണൂർ ജില്ലയിലെ പെരിങ്ങോം എന്ന സ്ഥലം ആണവനിലയം സ്ഥാപിക്കുന്നതിന് അനുയോജ്യമാണ് എന്ന് കണ്ടെത്തിയിരുന്നു.

(ഡി) ജലസ്രോതസ്സുകളും, തെർമൽ പദ്ധതികളും പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളും ഫലപ്രദമായി ഉപയോഗിച്ച് കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഒരു ഊർജ്ജ നയം പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്.

16 (*431) ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയികൾക്കുള്ള ജോലി സാദ്ധ്യത

ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലും തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിയും നടത്തി വരുന്ന ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയികൾക്കുള്ള ജോലി സാദ്ധ്യതയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തി തുടങ്ങിയതോടെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായവർക്ക് ജോലി സാദ്ധ്യത കുറഞ്ഞു വരുന്നതായി സർക്കാരിനു ബോദ്ധ്യമായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ പ്ലസ് ടൂ വിദ്യാലയങ്ങളിലെ ലൈബ്രറികളിൽ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയികളെ ലൈബ്രേറിയൻമാരായി നിയമിക്കുന്നതിന്റെ സാധ്യത സർക്കാർ പരിശോധിക്കുമോ;

(എഫ്) ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ കാലാവധി പരിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിലെ വിജയം ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയുടെ അടിസ്ഥാന യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് മറ്റു വിലയിരുത്തലുകൾ ഒന്നും നടത്തിയിട്ടില്ല.

(സി) അത്തരത്തിൽ ഒരു സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) പ്രസ്തുത കോഴ്സിന്റെ കാലാവധി 4 മാസത്തിൽ നിന്നും 6 മാസമായി ഉയർത്താനും കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തി സിലബസ് പരിഷ്ക്കരിക്കാനും തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly